*ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.*

# വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

**പ്രഫസർ അനിൽകുമാറിന്റെ സത്സംഗം**

## സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 48 A

**പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്**

**ആഗസ്റ്റ് 23, 2023**

# ദൗത്യം ആരംഭിക്കുന്നു

## THE MISSION BEGINS

ഓം ശ്രീ സായിരാം!

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകൾ നിങ്ങളെ സ്വാഗതം ചെയ്യുന്നു.

നമ്മൾ ഭഗവാൻ ശ്രീ സത്യ സായി ബാബയുടെ ജീവചരിത്ര വിശദാംശങ്ങളിൽ വെയിൽ കായുകയാണ്. നാം ആനന്ദത്തിൽ മുഴുകിയിരിക്കുന്നു. ഞങ്ങൾക്ക് ശ്രോതാക്കളുടെ പ്രതികരണങ്ങൾ ലഭിച്ചുകൊണ്ടിരിക്കുകയാണ്, അവർ ഈ ഉപാഖ്യാനങ്ങൾ കേൾക്കുന്നതിലുള്ള അവരുടെ ആനന്ദം അറിയിക്കുന്നു. ഇനി,നമുക്ക് ഇന്നത്തെ ലക്കത്തിലേക്ക് കടക്കാം.



നരസിംഹദാസ് പിൽക്കാലത്ത് വർണ്ണിക്കുമായിരുന്നു, “ബാബ, സത്യം എന്ന നിലയ്ക്ക്, താനിരിക്കുന്ന ആ ഗ്രാനൈറ്റ് ശില വളരെ പവിത്രമാണെന്ന്, അതിനെ ആരാധിക്കുന്നവരുടെ ആഗ്രഹങ്ങൾ നിറവേറുമെന്ന്, എന്റെ പിതാവിനോട് പറയുമായിരുന്നു. പുണ്യമായ അവതാരപ്രഖ്യാപനദിവസം, ശ്രീ സത്യ സായി ബാബയ്ക്ക് അതൊരു ആദ്യത്തെ പ്ലാറ്റ്ഫോമായിത്തീർന്നു, അത് കൂടുതൽ പവിത്രമാക്കപ്പെട്ടു. ബാല സത്യ സായിയുടെ ചമത്കാരങ്ങളുടെ പ്രതീകമായി ആ ശില നിലകൊള്ളുന്നു.”

“പിന്നീട്, എന്റെ പിതാവിന് മറ്റൊരിടത്തേക്ക് സ്ഥലംമാറ്റമായി. ഞങ്ങളുടെ വീട്ടിൽ താമസിച്ചിരുന്ന വ്യക്തിക്ക് കുട്ടികളില്ലായിരുന്നു. ആ ശിലയെ പൂജിക്കുവാൻ എന്റെ പിതാവ് അദ്ദേഹത്തെ ഉപദേശിച്ചു, എന്നിട്ട് അതിന്റെ ചരിത്രം മുഴുവനും വർണ്ണിച്ചു. ആ മാന്യനും അയാളുടെ പത്നിയും വലിയ ഭക്തിയോടെയും ഉത്സാഹത്തോടെയും ആ ശിലയെ പൂജിക്കുകയുണ്ടായി. ബാബയുടെ അനുഗ്രഹത്താൽ, അവർ ഒരു ആൺകുഞ്ഞിനാൽ അനുഗ്രഹിക്കപ്പെട്ടു.”

ബാബ വൈകാതെ പുട്ടപർത്തിക്ക് പോകുമെന്ന വാർത്ത ഉറവക്കൊണ്ട മുഴുവനും പരന്നു. ബാബ പോവുകയാണെന്ന് തമ്മിരാജുവും പത്നിയും കേൾക്കാനിടവന്നപ്പോൾ, അവർ അവിടുന്നിനെ ഉച്ചയൂണിനായി ക്ഷണിച്ചു, വലിയ ഭക്തിയോടെ വിളമ്പിക്കൊടുത്തു. തമ്മിരാജുവിന്റെ പത്നി, വീണ്ടും അവിടുന്നിനെ തനിക്ക് കാണാനാവില്ലല്ലോ എന്നു കണ്ണീരോടെ വിലപിച്ചു. അവരെ ആശ്വസിപ്പിച്ചുകൊണ്ട്, കരുണാമൂർത്തിയായ ബാബ ദശാവതാരങ്ങളും അവിടുത്തെ മാറിൽ അവർക്ക് കാട്ടിക്കൊടുത്തു.

ബാബയെ പിരിയുന്നതിൽ യുവാവായ സീതാരാമ റാവുവിന് വലിയ വിഷമമുണ്ടായിരുന്നു. എന്നാൽ ബാബ അവനെയും മറ്റു സഹപാഠികളെയും ആശ്വസിപ്പിച്ചു, “നിങ്ങൾ എന്റെ സ്കൂൾ സഹപാഠികളാണ്, എന്റെ ചങ്ങാതിമാരാണ്, ഞാൻ ഇനിയും നിങ്ങൾക്കൊപ്പമുണ്ടാവും-ഇപ്പോഴല്ല, വരാനുള്ള ജന്മത്തിൽ. ഞാൻ നീണ്ട വെള്ളത്താടിയുമായി വരുമ്പോൾ എനിക്ക് നിങ്ങളെ എന്റെ ചുറ്റിനും കാണാനാവുന്നുണ്ട്!”

നരസിംഹദാസ്, ബാബയുടെ അവരുടെ ഗൃഹത്തിലേക്കുള്ള അവസാന സന്ദർശനം സ്മരിക്കുമായിരുന്നു: “താൻ പുട്ടപർത്തിയിലേക്ക് പോവുകയാണെന്നും ഉച്ചയൂണിന് വരുമെന്നും അവിടുന്ന് സന്ദേശമയച്ചു. അവിടുന്നും അവിടുത്തെ എല്ലാ ബന്ധുക്കളും വന്നു. എന്റെ മാതാപിതാക്കൾ അവിടുന്നിനും അവിടുത്തെ മാതാപിതാക്കൾക്കും പാദപൂജ ചെയ്തു, അവരെ ഹാരമണിയിച്ചു. ഷിർദ്ദി പ്രതിമ കൊണ്ടുവരാൻ അവിടുന്ന് എന്റെ അച്ഛനമ്മമാരോട് ആവശ്യപ്പെട്ടു. എന്റെ അമ്മ അതു കൊണ്ടുവന്ന്, അതൊരു ചെറിയ വട്ടത്തിലുള്ള തടി പ്ലാറ്റ്ഫോമിന്മേൽ വച്ചു, അവരതിനു മുമ്പാകെ നാളികേരവും പഴങ്ങളും സമർപ്പിച്ചു. ഒരു ഫോട്ടോയും എടുക്കപ്പെട്ടു.”

"ഗട്ടു രാമലിംഗപ്പയുടെ വക ഒരു ബസ്സ് ബാബയ്ക്കു കയറാനായി വീട്ടിലേക്ക് വിളിക്കപ്പെട്ടു, അത് ബാബയുടെ ബഹുമാനാർത്ഥം സംഗീതത്തിന്റെ അകമ്പടിയോടെയാണ് പുറപ്പെട്ടത്. ബസിലേക്ക് കയറവേ, വിഷമിക്കേണ്ടെന്നും താൻ എപ്പോളും അവർക്കൊപ്പമുണ്ടാവുമെന്നും ബാബ വിലപിച്ചുകൊണ്ടിരുന്ന എന്റെ മാതാവിനോടു പറയുകയുണ്ടായി. ഭക്തിഗാനങ്ങളും സംഗീതവുമൊക്കെയായി, അവർ അവിടുന്നിന് യാത്രയയപ്പ് നൽകി."

ഉറവക്കൊണ്ടയിൽ ചരിത്രം രചിക്കപ്പെട്ടു കഴിഞ്ഞിരുന്നു. ഭക്തകുടുംബം, ഇപ്പോൾ ദിവ്യസാന്നിധ്യത്തിന്റെ ഭാരവും പേറി, ഒരുമിച്ച് പുട്ടപർത്തിയിലേക്ക് മടങ്ങി, അവിടെ ഒരു പുതിയ തുടക്കം ആരംഭിക്കാനുണ്ടായിരുന്നു.

ശരി, ഉറവക്കൊണ്ടയിലെ അവിടുത്തെ വാസത്തിന്റെ കഥ ഇത്രയുമാണ്.

ഇനി, ഇപ്പോൾ മുതൽക്ക് അവിടുത്തെ ജീവചരിത്രത്തിന്റെ ഒരു പുതിയ അധ്യായം തുടങ്ങുകയാണ്! നമുക്ക് ഇങ്ങനെയും പറയാം, "ദൗത്യം ആരംഭിക്കുന്നു!" സത്യ നാരായണ രാജുവിന്റെ ജീവിതത്തിലെ പുതിയൊരു ഘട്ടത്തിന്റെ ആരംഭമായിരുന്നു അത്, ചുറ്റിനുമുള്ളവരുടെയും. ഇനിമേലിൽ ആരും അവിടുന്നിനെ പേര് വിളിക്കില്ല. അവിടുന്ന് ഇപ്പോൾ സായി ബാബയാണ്, ചിലപ്പോൾ ബാല സായിയും.

ഉറവക്കൊണ്ടയിലെ സംഭവബഹുലമായ ആ ദിവസം അപാരമായ പ്രഭാവമുണ്ടാക്കി, ആളുകൾ അവിടുന്നിനെ ഭയഭക്തിയോടെ കണ്ടു. പുട്ടപർത്തിയിലെ അന്തേവാസികളെ സംബന്ധിച്ച് അതൊരു വിശ്വാസപരീക്ഷയായിരുന്നു, സത്യൻ എന്ന അവരുടെ പഴയ ഗ്രാമീണബാലനെ സത്യ സായി ബാബയായി അംഗീകരിക്കുക എന്നത്. ആനന്ദത്തിന്റെ ഈ പുതിയ യുഗത്തിന്റെ പേറ്റുനോവ് കഠിനമായിരുന്നു, എന്തെന്നാൽ ചിലർ രാജുവിന്റെ കുടുംബത്തെ അതിശയത്തോടെയോ കാരുണ്യത്തോടെയോ വീക്ഷിച്ചു, മറ്റുള്ളവർ വിദ്വേഷം, നിന്ദ, അവിശ്വാസത്തോടെയുള്ള വിസമ്മതം, പ്രകടിപ്പിച്ചു.

എന്നിരുന്നാലും, പങ്കാളികൾ പിന്നീട് ഓർമ്മിക്കാറുണ്ടായിരുന്നു, ഇടയ്ക്കൊക്കെ ബാബയെ ശാരീരികമായി നിയന്ത്രിക്കേണ്ടിവന്നിരുന്നു, കാരണം അവിടുന്നിൽ അപാരമായ ഊർജ്ജം നിറഞ്ഞിരുന്നു. രണ്ടോ അതിലധികമോ ആളുകൾ അവിടുത്തെ അംഗങ്ങളിൽ ബലമായി പിടിക്കേണ്ടിവന്നു, അല്ലെങ്കിൽ അനിയന്ത്രിതമായ ശക്തി അവിടുന്നിലൂടെ

പ്രവഹിച്ചിരുന്നു. അവിടുന്നിനെ എപ്പോഴും അടുത്തു നിരീക്ഷിക്കണമെന്ന് മുതിർന്നവർ നിർബന്ധിക്കാറുണ്ടായിരുന്നു.

ഉറവക്കൊണ്ടയിൽനിന്നുള്ള ബസ്സ് യാത്ര ബുക്കപട്ടണം വരെയായിരുന്നു, അവിടെനിന്നും പുട്ടപർത്തിയിലേക്ക് ടാങ്കിനു കുറുകെ അവിടുന്ന് ധൃതിയിൽ നടക്കും. ചിത്രാവതി നദിയിൽ വെള്ളപ്പൊക്കമുള്ളപ്പോഴും, അവിടുന്ന് പ്രളയജലത്തിലൂടെ നിഷ്പ്രയാസം നടക്കും. അതിശയമെന്നു പറയട്ടെ, അവിടുത്തെ വസ്ത്രങ്ങൾ നനയില്ല! മറ്റുള്ളവർക്ക് അവിടുത്തെ ഒപ്പം ചെല്ലാനാവില്ല, പിന്തുടരാനാവില്ല.

ചിന്ന ബാബയ്യ, അടുത്ത ചങ്ങാതി, പിൽക്കാലത്ത് ഓർക്കുന്നു, "കുറച്ചു ദിവസങ്ങൾക്കു ശേഷം, അവിടുത്തെ മാതാപിതാക്കൾ അവിടുന്നിനെ പുട്ടപർത്തിയിലേക്ക് കൊണ്ടുവന്നു. ഇടയ്ക്കിടെ അവിടുന്ന് അബോധാവസ്ഥയിലാവും. അവിടുന്ന് എത്തിയശേഷം താമസിയാതെ, ഷിർദ്ദി ബാബയുടെ ഒരു വിഗ്രഹം മുമ്പിൽ വച്ച് അവിടുന്ന് ഭജൻ ആരംഭിച്ചു. അവിടുന്ന് കൈകൾ വീശി വിഭൂതി, പഴങ്ങൾ, മറ്റ് പൂജാസാധനങ്ങൾ ഒക്കെ സൃഷ്ടിച്ചു, അതെ, എന്നിട്ടവ അവിടെ കൂടിയവർക്കൊക്കെ വിതരണം ചെയ്തു. ഞാൻ അവനെ കളിയാക്കി, "പാവം സത്യനാരായണൻ, ഉറവക്കൊണ്ടയിൽനിന്ന് ഒത്തിരി കാര്യങ്ങൾ പഠിച്ചല്ലോ!"

Old & Rare photo - Young Sri Sathya Sai Baba giving Amrit (Nectar) materialized by Him.




"ഞാൻ രാജുവിനൊപ്പം നടക്കുന്നത് പതിവായിരുന്നു. ഞങ്ങൾ ഒരുമിച്ച് സാഹസിക യാത്രകൾ പോകും, ആൺകുട്ടികൾ ആഗ്രഹിക്കുന്നപോലെ. എന്റെ മാതാപിതാക്കൾ എന്നെ ശകാരിക്കും, "നീയൊരു ഭട്ടരാജുവിനു പുറകെ നടന്നോ(സ്വാമി ഉൾപ്പെടുന്ന താണ സമൂഹം)! അവൻ നിന്നെ ചീത്തയാക്കും. നോക്കിക്കോ!"

കുറച്ചു കാലം, ബാബ അവിടുത്തെ പിതാവിന്റെ ഒറ്റ മുറിയിൽ ഏകനായി താമസിച്ചു. അവിടുത്തെ പക്കൽ ഷിർദ്ദി സായി ബാബയുടെ ഒരു ചിത്രമുണ്ടായിരുന്നു, സദാ പ്രാർത്ഥിക്കുകയും ദണ്ഡകം ജപിക്കുകയും ചെയ്യുമായിരുന്നു. അവിടുന്ന് തന്നത്താനെ ഭജൻ പാടും. ഒരു ദിവസം കൗതുകം കൊണ്ട്, അവിടുത്തെ രണ്ട് കസിനുകൾ-ജയമ്മയും ലക്ഷ്മി ദേവമ്മയും-ഇരുവരും വെങ്കട സുബ്ബ രാജുവിന്റെ പുത്രിമാർ-ചെന്ന് അവിടുന്നിനു പുറകിലായി ഇരുന്നു.

ബാബ അവരോട് ചോദിച്ചു, ‘‘നിങ്ങളെന്താണ് പാടാത്തത്?’’

അവർ മറുപടി പറഞ്ഞു, ‘‘ഞങ്ങൾക്ക് പാടാൻ കഴിവില്ല!’’

ബാബ പറഞ്ഞു, ‘‘നിങ്ങൾക്ക് പറ്റും! തുടങ്ങിവയ്ക്ക്!’’

അവർ സാവധാനം പാടാൻ തുടങ്ങി, പിൽക്കാലത്ത് പ്രഗത്ഭരായി. അവിടുന്നവരെ ‘പാടല അമ്മയാലു’(The Singing Girls) എന്ന് വിളിച്ചു. ബാബയുടെ അമ്മാവന്മാരായ വെങ്കട രാമ രാജുവും വെങ്കട സുബ്ബ രാജുവും യഥാക്രമം ഹാർമോണിയവും തബലയും വായിച്ചു. ചിലനേരം, ഭജൻവേള തുടങ്ങുന്നതിന് സഹോദരിമാരെത്തുന്നതുവരെ ബാബ കാത്തിരിക്കുമായിരുന്നു.

നിരവധി ആളുകൾ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി ബാബയുടെ അടുത്ത് വരുന്നുണ്ടായിരുന്നു, അതിൽ മിക്കവയും ദുർബാധകൾ, ഗുരുതര രോഗങ്ങൾ, ഗർഭം അലസൽ ഇവയുമായി ബന്ധപ്പെട്ടതായിരുന്നു. ഈ സന്ദർശകരിൽ അധികവും ഗ്രാമീണരായിരുന്നു, അവർക്ക് ആധുനിക മരുന്നുകളൊന്നും ലഭ്യമായിരുന്നില്ല. അവർ നാട്ടുമരുന്നുകളുപയോഗിച്ച് സ്വയം ചികിത്സിക്കുന്നവരായിരുന്നു, രോഗശാന്തി അഥവാ അതിന്റെ അഭാവം പ്രകൃത്യതീത ശക്തികളുടെ ഇടപെടൽ കാരണത്താലാണെന്ന് അവർ വിശ്വസിച്ചിരുന്നു. കൂടോത്രപ്രയോഗം വ്യാപകമായിരുന്നു, അന്ധവിശ്വാസങ്ങൾ ദുർബലമായ മനസ്സുകളെ സൈക്കിക് കൗശലങ്ങൾക്കു വശഗമാക്കുന്നതിന് സഹായിച്ചിരുന്നു, പ്രേതബാധ സാധാരണ സംഭവമായിരുന്നു അക്കാലത്ത്.



അത്തരം നിരാശ്രയരായ ആളുകൾക്ക് അവസാനത്തെ ആശ്രയമായിരുന്നു ബാബ; അവിടുത്തെ സാന്നിധ്യം തേടി അവർ ധാരാളം പേർ അവിടെ തടിച്ചുകൂടാറുണ്ടായിരുന്നു. താമസിയാതെ ഇത്തരം സൗഖ്യപ്രവൃത്തികൾ അപാരമായ സ്നേഹത്തിന്റെയും കൃപയുടെയും പ്രവൃത്തികളായി മാറി, എന്തെന്നാൽ അവ ആ ഭാഗ്യം കുറവുള്ളവർക്ക് വീണ്ടും സൗഖ്യമേകി എന്നു മാത്രമല്ല, അവരെ ആദ്ധ്യാത്മികമായി പൂർണരാകുന്നതിന്, കൂടുതൽ പൂർണാത്മാക്കളാവുന്നതിന് സഹായിച്ചു.

ബാബയുടെ രോഗസൗഖ്യം പ്രേമത്തിലൂടെയുള്ള പരിവർത്തനം, പ്രേമത്തിലേക്കുള്ള പരിവർത്തനം, ആയിരുന്നു. ചെന്നവരൊക്കെ യഥാർത്ഥത്തിൽ ഏതോ ഉൾവിളിയോടുള്ള പ്രതികരണമായാണ് എത്തിയത്; അത് ആദ്ധ്യാത്മിക പ്രകൃതമുള്ളതായിരുന്നു എന്ന് ഒരുവൻ തിരിച്ചറിയേണ്ടിയിരുന്നു. കദ്രിക്കടുത്തുള്ള പത്രലപ്പള്ളി പട്ടണത്തിലെ സുഭദ്രാമ്മയുടെ കഥ മേൽപ്പറഞ്ഞതിന് മികച്ച ദൃഷ്ടാന്തമാകുന്നു.

സുഭദ്രാമ്മ ആറ് കുഞ്ഞുങ്ങൾക്ക് ജന്മം നൽകി-അവരെല്ലാവരും പിറവിയിലേ മരിച്ചുപോയി. ഈ ദയനീയാവസ്ഥയുടെ ആക്കം കൂട്ടാനെന്നവണ്ണം, അവർക്കൊരു പ്രേതബാധയുമുണ്ടായി, അതവരെ ശല്യപ്പെടുത്തി. പ്രേതബാധ കാരണമാണ് ഗർഭം നശിച്ചുപോവുന്നത് എന്ന് ആ കുടുംബം വിശ്വസിച്ചു.

സുഭദ്രാമ്മയ്ക്ക് ആശയറ്റിരുന്നു. അടുത്ത തവണ ഗർഭിണിയായപ്പോൾ, അവർ ബാബയെക്കുറിച്ചും അവിടുത്തെ അത്ഭുതശക്തികളെക്കുറിച്ചും സുഹൃത്തുക്കളും ബന്ധുക്കളും മുഖേന കേട്ടു. 1943 ഒക്ടോബർ അവസാനം, നിറയെ പ്രതീക്ഷയുമായി അവർ പുട്ടപർത്തിയിലേക്ക് പോയി. അവിടെത്തിയ ഉടനെ അവൾ രോഗബാധിതയായി, അതും ദുർഭൂതബാധയാലാണെന്ന് ഉറപ്പായി.



ബാബ ഒരു ഏത്തപ്പഴം സൃഷ്ടിച്ചു, അത് അവിടുത്തെ സാന്നിധ്യത്തിൽത്തന്നെ കഴിക്കുന്നതിന് അവളോട് ആവശ്യപ്പെട്ടു. കുടിക്കുന്നതിനായി ഒരു കപ്പ് വെള്ളവും അവിടുന്ന് അവൾക്ക് നൽകുകയുണ്ടായി. ബാബ എന്നിട്ട് അവൾക്ക് അക്ഷതം കൊടുത്തു, മൂന്നു മാസങ്ങൾക്കകം ഒരു ആൺകുഞ്ഞിനാൽ അനുഗൃഹീതയാവുമെന്ന് അവൾക്ക് ഉറപ്പു കൊടുത്തു. അവൾക്ക് സുഖപ്രസവമാകുമെന്നും മേലിൽ

ഭയക്കേണ്ടതില്ലെന്നും അവിടുന്ന് പരാമർശിച്ചു. അവളുടെ അവസ്ഥയിൽ ദയവുതോന്നി, അവിടുന്ന് കുറേക്കൂടി അക്ഷതം നൽകി അവളെ അനുഗ്രഹിച്ചു, പ്രസവസമയത്ത് അത് അവളുടെ തലയിണയ്ക്കടിയിൽ വയ്ക്കുന്നതിന് നിർദ്ദേശിക്കുകയുണ്ടായി. വീണ്ടും അവളെ അനുഗ്രഹിച്ചിട്ട് അവിടുന്ന് അവളെ യാത്രയാക്കി.

അവിടുന്ന് വാഗ്ദാനം ചെയ്തപോലെ, 1944 ജാനുവരി 4-ാം തീയതി, സുഭദ്രാമ്മ പ്രശ്ന മൊന്നും കൂടാതെ ഒരു ആൺകുഞ്ഞിന് ജന്മം നൽകി. മൂന്നു മാസത്തിനു ശേഷം, ബാബ കുട്ടഗുള്ള എന്ന സ്ഥലത്ത് ക്യാമ്പു ചെയ്യുമ്പോൾ, അവിടുന്നിനോടുള്ള നന്ദി പ്രകടിപ്പിക്കു ന്നതിനായി അവൾ ആ കുഞ്ഞിനെയും കൊണ്ട് അവിടെ ചെന്നു. ബാബ അവിടുത്തെ കരങ്ങളിൽ ആ കുഞ്ഞിനെ എടുത്തു, കൊഞ്ചിച്ചുകൊണ്ട് അതിന്റെ കവിളിൽ തട്ടി. പ്രതി കരണമായി, കുട്ടി ഉറക്കെ കരഞ്ഞ് ബാബയുടെ അങ്കിയിൽ മൂത്രമൊഴിച്ചു. ബാബ പ്രേമ പൂർവം കുട്ടിക്ക് 'സായിനാഥ്' എന്ന് പേരിട്ടു.

മറ്റൊരു അവസരത്തിൽ, ബാബ അപ്പോഴും അവിടുത്തെ മാതാപിതാക്കളുടെ ഗൃഹത്തിൽ താമസിക്കുമ്പോൾ, കുറച്ചു ഗ്രാമീണർ അടുത്തുള്ള ഗ്രാമത്തിൽനിന്നുള്ള ഒരു മനുഷ്യനെ കൊണ്ടുവന്നു, അയാളുടെ കൈകാലുകൾ ബന്ധിക്കപ്പെട്ടിരുന്നു. അയാൾക്ക് ഭൂതാവേശം ഉള്ളതായി അവർ പറഞ്ഞു. അയാൾ നിരവധി ആളുകളെ ആക്രമിക്കുകയും ചിലരെ യൊക്കെ കടിക്കുകപോലും ചെയ്തു. ബാബ അയാളുടെ കൈകാലുകൾ അഴിപ്പിച്ചു, അയാളെ മുമ്പിൽ കൊണ്ടുവരാൻ നിർദ്ദേശിച്ചു. അവിടുന്ന് അയാളെ മുറിയുടെ അക ത്തേക്ക് കൂട്ടിക്കൊണ്ടുപോയി, കതകും അടച്ചു. അര മണിക്കൂർ കഴിഞ്ഞ് കതക് തുറക്ക പ്പെട്ടു. ആ മനുഷ്യൻ തികച്ചും നോർമലായി, പരിവർത്തനം ചെയ്യപ്പെട്ട് പുറത്തുവന്നു.



എന്നിരുന്നാലും, ഈ അസാധാരണമായ സംഭവവികാസങ്ങൾ പ്രദേശവാസികൾക്ക് വിശ്വസനീയമായില്ല, ഒരുവന് അന്യരിൽനിന്ന് ഇത്രമാത്രം വിഭിന്നനാവാൻ എങ്ങനെ സാധി ക്കുന്നു? അവർ അതിശയിച്ചു, "അത് ബാബയെ ബാധിച്ച ഭൂതമായിരുന്നോ, അതോ ചിലർ അവകാശപ്പെടുന്നതുപോലെ, 'അവിടുന്ന് ദിവ്യനോ?'

ഗ്രാമീണ മാനദണ്ഡങ്ങൾ വച്ചുകൊണ്ട് അവിടുത്തെ ദിവ്യത്വം പരീക്ഷിക്കപ്പെടുകയും സാക്ഷ്യപ്പെടുത്തുകയും ആവശ്യമാണെന്ന് അവർക്കു തോന്നി. ആ ദിവസം വന്നു-പുട്ട പർത്തിയിലെ മുതിർന്നവർ, കർണം സുബ്ബമ്മയും അവരുടെ മധ്യേ ഉണ്ടായിരുന്നു, അവിടുത്തെ ദിവ്യത്വം പരീക്ഷിക്കാനായി ബാബയെ സമീപിച്ചു. ബാബ, അവിടുത്തെ കൈകളിൽ ഒരു റാന്തലുമായി, അവരിൽ കുറച്ചു പേരെ ഒരു മുറിയിൽ കൊണ്ടുപോയി, മറ്റുള്ളവരോട് പുറത്തു കാത്തുനിൽക്കാൻ പറഞ്ഞു.

അവർ മുറിക്കുള്ളിൽ കടന്നപ്പോൾ, ബാബ കതകടച്ചിട്ട് ഒരു കസേരയിലിരുന്നു. അവിടുന്ന് എന്നിട്ടു ചോദിച്ചു, "എന്താണ്, കുട്ടികളേ? എന്തു തെളിവാണ് നിങ്ങൾക്കു വേണ്ടത്?"



എന്തെങ്കിലും തെളിവ് തങ്ങൾക്കു വേണമെന്ന് അവർ മറുപടി പറഞ്ഞു. റാന്തൽ കെട്ടു, മുറിയിൽ ഇരുട്ടായി. എവിടെനിന്നോ ഒരു ഉജ്വലമായ പ്രകാശം ആവിർഭവിച്ചു. മുറി തേജോമയമായ വെളിച്ചത്താൽ നിറഞ്ഞു, അവർ ബാബയെ അനന്തശായിയായ മഹാവിഷ്ണുവായി കണ്ടു. ഉഗ്രരൂപിയായ സർപ്പം അതിന്റെ ഫണം വിരിച്ച്, രണ്ടായി പിരിഞ്ഞ ജിഹ്വ പുറത്തേക്കു നീട്ടി.

സംഘം ഭയംകൊണ്ടു വിറച്ചു, എന്നിട്ടു പറഞ്ഞു, "മതി, സ്വാമീ! ഞങ്ങൾക്കിത് താങ്ങാനാവില്ല! ദയവുചെയ്ത് ഇത് തിരിച്ചെടുത്താലും!"

ഉടനടി, റാന്തൽ തെളിഞ്ഞു, ബാബ മുമ്പത്തെപ്പോലെ കസേരയിലിരിക്കുന്നത് അവർ കണ്ടു. ആ ദർശനത്തിൽ പരവശരായി, അവർ ക്ഷമ യാചിച്ചുകൊണ്ട് അവിടുത്തെ പാദം സ്പർശിക്കുന്നതിനു ശ്രമിച്ചു. എന്നാൽ ബാബ അവരോടു പറഞ്ഞു, "അങ്ങനെ ചെയ്യരുത്. നിങ്ങൾ മുതിർന്നവരാണ്!"

അങ്ങനെ, അവിടുന്ന് പുട്ടപർത്തിയിൽ എത്തിച്ചേർന്നതോടെ, രോഗസൗഖ്യത്തിന്റെ ഒരു പുതിയ അധ്യായം, ചമത്കാരപരമായ അതിശയങ്ങളുടെ ഒരു പുതിയ അധ്യായം, ആരംഭിച്ചു. ഒരുപക്ഷേ, ദിവ്യ ദൗത്യം ഇവിടെനിന്നാവാം ആരംഭിച്ചത്.

കമലാപുരം, ഉറവക്കൊണ്ട, ബുക്കപട്ടണം മുതലായ ഇതര സ്ഥലങ്ങളിൽ സംഭവിച്ച കാര്യങ്ങളാണ് നാം കേട്ടത്.

ഇനി നാം പുട്ടപർത്തിയിലെ അവിടുത്തെ ദിവ്യ ദൗത്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കും.

നിങ്ങളുടെ സമയത്തിന് നന്ദി.

(തുടരും)



**പ്രഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)